"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ശ്രീ. അബ്ദുൾ റഷീദ് സി. ഫയൽ ചെയ്ത ഡബ്ല്യൂ.പി.(സി) 45336/2025 ൽ ബഹു.കേരള ഹൈക്കോടതിയുടെ 02.12.2025 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുമരാമത്ത് (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.503/2026/PWD തീയതി,തിരുവനന്തപുരം, 28-03-2026

പരാമർശം:-

1. ജി.ഒ(എം.എസ്) നം.39/2025/പി.ഡബ്ല്യൂ.ഡി തീയതി 17.06.2025.
2. കോൺട്രാക്ടർ ലൈസൻസ് ക്യാൻസൽ ചെയ്ത നടപടിക്കെതിരെ ശ്രീ. അബ്ദുൾ റഷീദ് സി. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 24.11.2025 ലെ അപ്പീൽ അപേക്ഷ.
3. ഡബ്ല്യൂ.പി.(സി) 45336/2025 ൽ ബഹു.കേരള ഹൈക്കോടതിയുടെ 02.12.2025 ലെ വിധിന്യായം

**ഉത്തരവ്**

റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI) ന്റെ '' Rebuild Kerala Initiative Rehabilitation of Janaseva road in Pathanamthitta District - including maintenance for five years after construction", Rebuild Kerala Initiative Athikkayam Kodumeenichira road in Naranamoozhi Gp Pathanamthitta Dist - including maintenance for five years after construction" എന്നീ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരനായ ശ്രീ. അബ്ദുൾ റഷീദ് സി. യെ മേൽ പ്രവൃത്തികളിൽ നിന്നും ടിയാന്റെ നഷ്ടോത്തരവാദിത്തത്തിൽ റദ്ദ് ചെയ്ത റീബിൽഡ് കേരള ഇനിഷിയേറ്റീവ് പ്രോജക്ട് ഡയറക്ടർ, ടി.കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്ത് ടിയാനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് കരാറുകാരന്റെ രജിസ്റ്ററിങ്ങ് അധികാരിയായ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഉത്തര മേഖല സൂപ്രണ്ടിങ്ങ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് ടി. റജിസ്റ്ററിങ്ങ് അധികാരി കരാറുകാരന്റെ ലൈസൻസ് റദ്ദ് ചെയ്തും 5 വർഷത്തേക്ക് മറ്റ് പ്രവൃത്തികൾ എടുക്കുന്നതിൽ നിന്ന് വിലക്കിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

**2)** ടി. പ്രവൃത്തികൾ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത നടപടി, തന്റെ ലൈസൻസ് റദ്ദ് ചെയ്ത നടപടി ഇവക്കെതിരെ കരാറുകാരൻ ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ല്യൂ.പി.(സി) 45336/2025 ഫയൽ ചെയ്തു. പ്രസ്തുത കേസ് 02.12.2025 ൽ ബഹു. ഹൈക്കോടതി തീർപ്പാക്കിയിരുന്നു. കോൺട്രാക്ടർ ലൈസൻസ് ക്യാൻസൽ ചെയ്ത നടപടിക്കെതിരെ ശ്രീ. അബ്ദുൾ റഷീദ് സി. പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച 24.11.2025 ലെ അപ്പീൽ അപേക്ഷ(**എക്സിബിറ്റ് പി 9**)യിന്മേൽ പരാതിക്കാരന് ഹിയറിങ്ങിനുള്ള അവസരം നൽകി പ്രസ്തുത അപ്പീൽ അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കണമെന്ന് 02.12.2025 ലെ വിധിന്യായത്തിൽ ബഹു. കോടതി ഉത്തരവിട്ടിരുന്നു.

**3)** 05.03.2026 ന് കോൺട്രാക്ടറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും സാന്നിധ്യത്തിൽ

പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിക്കുവേണ്ടി പൊതുമരാമത്ത് വകുപ്പിലെ അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തി.

4) ഹിയറിംഗിൽ ചുവടെപ്പറയുന്ന പ്രവൃത്തികളുമായി ബന്ധപ്പെട്ട് കോൺട്രാക്ടർ തന്റെ വിശദീകരണം സമർപ്പിച്ചു.

1. Rehabilitation of Janaseva Road – Peringara Grama Panchayath, Thiruvalla

Janaseva Road പ്രവൃത്തിയെ സംബന്ധിച്ച് കോൺട്രാക്ടർ വിശദീകരിച്ചതനുസരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനിടെ സ്ഥലപരമായ പ്രശ്നങ്ങളും മറ്റ് പ്രവർത്തനപരമായ ബുദ്ധിമുട്ടുകളും ഉണ്ടായതായി അറിയിച്ചു. ചില ഘട്ടങ്ങളിൽ പ്രവൃത്തി നടത്തുന്നതിനുള്ള അനുയോജ്യമായ സാഹചര്യം ലഭിക്കാതിരുന്നതിനാൽ പ്രവൃത്തി പുരോഗതിയിൽ വൈകൽ സംഭവിച്ചുവെന്നും കോൺട്രാക്ടർ വ്യക്തമാക്കി.പ്രവൃത്തി ഉപേക്ഷിക്കാനുള്ള ഉദ്ദേശ്യം തനിക്കില്ലായിരുന്നുവെന്നും പ്രവൃത്തി പൂർത്തിയാക്കാനുള്ള തയ്യാറെടുപ്പും താൽപര്യവും ഉണ്ടായിരുന്നുവെന്നും കോൺട്രാക്ടർ അറിയിച്ചു. വാട്ടർ അതോറിറ്റി, മേൽ പറഞ്ഞ റോഡിൽ നടത്തിയ പൈപ്പിടലിനു ശേഷം പഴയതുപോലെ ആക്കി തിരികെ നൽകാത്തതാണ് പ്രവർത്തി പൂർത്തീകരിക്കാതിരിക്കാനുള്ള കാരണം എന്ന് കോൺട്രാക്ടർ അറിയിച്ചു.ഇതിനു കുറ്റക്കാരൻ താൻ അല്ലാത്തതിനാൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തതും തുടർന്ന് കോൺട്രാക്ടറെ 5 വർഷത്തേക്ക് ബാർ ചെയ്തതും അന്യായമാണെന്നും നടപടി പുനഃപരിശോധിക്കണമെന്നുമാണ് കോൺട്രാക്ടർ അപേക്ഷിച്ചത്.

2. Rehabilitation of Athikayam – Kadumeenchira Road – Narana Moozhi, Ranni

Athikayam–Kadumeenchira Road പ്രവൃത്തിയെ സംബന്ധിച്ചും സമാനമായ സാഹചര്യങ്ങളാണ് ഉണ്ടായതെന്ന് കോൺട്രാക്ടർ വ്യക്തമാക്കി. പ്രവൃത്തി നടപ്പിലാക്കുന്നതിനിടെ ചില പ്രാദേശിക ബുദ്ധിമുട്ടുകളും പ്രവൃത്തി പുരോഗതിയെ ബാധിക്കുന്ന സാഹചര്യങ്ങളും ഉണ്ടായതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചില്ലെന്ന് കോൺട്രാക്ടർ അറിയിച്ചു.പ്രവൃത്തി പൂർത്തിയാക്കാനുള്ള ഉദ്ദേശ്യത്തോടെ തന്നെയാണ് കരാർ ഏറ്റെടുത്തതെന്നും പ്രവൃത്തി നടത്തുന്നതിൽ മന:പൂർവ്വമായ വീഴ്ച ഒന്നും ഉണ്ടായിട്ടില്ലെന്നും കോൺട്രാക്ടർ വ്യക്തമാക്കി. പ്രവർത്തി സുരക്ഷിതമായി പൂർത്തീകരിക്കാൻ വേണ്ട അടിസ്ഥാനപരമായ കാര്യങ്ങൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകാത്തതും പൈപ് ലൈൻ (pipeline) മാറ്റി തരാത്തതും കാരണം ആണ് പ്രവർത്തി പൂർത്തീകരിക്കാൻ കഴിയാതെ വന്നത് എന്നും കോൺട്രാക്ടർ അറിയിച്ചു. ഇതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുള്ള വീഴ്ച ആണ് ഉണ്ടായത് എന്ന് അറിയിച്ചു.അതിനാൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്തതും തുടർന്ന് 5 വർഷത്തേക്ക് ബാർ ചെയ്തതും പുനഃപരിശോധിക്കണമെന്നാണ് കോൺട്രാക്ടർ ആവശ്യപ്പെട്ടത്.

മേൽപ്പറഞ്ഞ കാരണങ്ങൾ പരിഗണിച്ച് Janaseva Road, Athikayam–Kadumeenchira Road എന്നീ പ്രവൃത്തികളുമായി ബന്ധപ്പെട്ട ടെർമിനേഷൻ നടപടികളും തുടർന്ന് പുറപ്പെടുവിച്ച ബാറിംഗ് ഓർഡറും പുനഃപരിശോധിച്ച് അനുയോജ്യമായ ഇളവ് അനുവദിക്കണമെന്ന് കോൺട്രാക്ടർ ഹിയറിംഗിൽ അപേക്ഷിച്ചു.

5) തുടർന്ന് കോൺട്രാക്ടറെ ബാർ ചെയ്യാൻ ഉണ്ടായ സാഹചര്യം വിശദീകരിക്കാൻ ഹിയറിംഗ് ഓഫീസർ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു. പരാമർശം (1) ഉത്തരവ്

പ്രകാരം ഏതെങ്കിലും പ്രവൃത്തി ടെർമിനേറ്റ് ചെയ്താൽ ബന്ധപ്പെട്ട കോൺട്രാക്ടറെ 5 വർഷത്തേക്ക് ഡീബാർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് കോൺട്രാക്ടറെ 5 വർഷത്തേക്ക് ഡീബാർ ചെയ്തത്. കൂടാതെ ആർ.കെ.ഐ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത നടപടി സംബന്ധിച്ച് പരിശോധിക്കുന്നതിനുള്ള അധികാരം തനിക്കില്ലെന്നും ആയത് പുനഃപരിശോധിക്കേണ്ടത് ആർ.കെ.ഐ ആണ് എന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചു. ഹിയറിംഗിൽ കോൺട്രാക്ടറും സൂപ്രണ്ടിംഗ് എഞ്ചിനീയറും ഉന്നയിച്ച വാദങ്ങളും സമർപ്പിച്ച രേഖകളും വിശദമായി പരിശോധിച്ചപ്പോൾ പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ചാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ നടപടി സ്വീകരിച്ചതെന്ന് വ്യക്തമാണ്. കൂടാതെ, ബന്ധപ്പെട്ട പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്ത നടപടിയുടെ ശരിതെറ്റുകൾ പരിശോധിക്കേണ്ടത് ആർ.കെ.ഐ.യുടെ അധികാരപരിധിയിലുള്ള വിഷയമാണെന്ന സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ നിലപാട് യുക്തിസഹമാണെന്നും അതുമായി യോജിക്കുന്നതാണെന്നും കാണുന്നു.

**6)** സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പ്രസ്തുത പ്രവൃത്തികൾ ടെർമിനേറ്റ് ചെയ്ത നടപടി പുനഃപരിശോധിക്കേണ്ടത് ആർ.കെ.ഐ ആണ്. അത്തരം നടപടി ആർ.കെ.ഐ റദ്ദാക്കുന്ന സാഹചര്യത്തിൽ കരാറുകാരന്റെ ലൈസൻസ് ഡീബാർ ചെയ്ത നടപടിയും രജിസ്റ്ററിംഗ് അധികാരി പുനഃപരിശോധിച്ച് ആവശ്യമായ തീരുമാനം സ്വീകരിക്കേണ്ടതാണ്. നിലവിലെ സാഹചര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ സ്വീകരിച്ച നടപടിയിൽ ഇടപെടേണ്ട സാഹചര്യം കാണുന്നില്ല. കോൺട്രാക്ടറുടെ അപേക്ഷ നിരസിച്ച് ഡബ്ല്യൂ.പി.(സി) 45336/2025 ൽ ബഹു.കേരള ഹൈക്കോടതിയുടെ 02.12.2025 ലെ വിധിന്യായം നടപ്പിലാക്കി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ശ്രീ. അബ്ദുൾ റഷീദ്.സി. , ഗവ. കോൺട്രാക്ടർ, റിഹാബ് മൻസിൽ , Chambalam, ചെങ്ങള (പി.ഒ), കാസർഗോഡ് - 671541.

സൂപ്രണ്ടിങ്ങ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം - ഉത്തര മേഖല, മാനാഞ്ചിറ (പി.ഒ), കോഴിക്കോട്- 673001.

പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു),റീബിൽഡ് കേരള ഇനിഷിയേറ്റീവ് (RKI), തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം-695001.
അഡ്വക്കേറ്റ് ജനറൽ, കേരള , എറണാകുളം ( ആമുഖക്കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ), കേരള, തിരുവനന്തപുരം.
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി ( പി.ഡബ്ല്യൂ.ഡി- എച്ച്3/27/2026)

ഉത്തരവിൻ പ്രകാരം

Signed by
Deepu B K
Date: 31-03-2026 17:20:34

സെക്ഷൻ ഓഫീസർ

പകർപ്പ്:- പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയുടെ സി.എ. ക്ക്